# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

---

വിഷയം:- ആവഡ- ജീവനക്കാര്യം- സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ നിന്നും സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിലേയ്ക്ക് അനുപാത സ്ഥാനക്കയറ്റം നൽകി ഉത്തരവ്- പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉ.നം. ഇ.എസ് 2/14820/21/ആ.വ.ഡ, തീയതി. 25.02.2022
2. സ.ഉ നം. G.O (P) No. 27/2021/Fin, Dated. 10.02.2021

**ഉത്തരവ് നം:** DHS/3894/2024-HT5 **തീയതി:** 24-06-2026

---

പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ 30-ാം റാങ്ക് വരെ പേര് ചേർത്തിട്ടുള്ള ജീവനക്കാർക്ക് സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനുശേഷം വകുപ്പിൽ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ വിരമിക്കൽ മുഖേന 05 ഒഴിവ് ഉണ്ടായിട്ടുണ്ട്.

പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും യോഗ്യരായ ചുവടെപ്പറയുന്ന ആരോഗ്യവകുപ്പിലെ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന തീയതി മുതലുള്ള പ്രാബല്യത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ നിന്നും സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിലേയ്ക്ക് 39,300-83000 ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| പേര്,നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | Rank | ജനന തീയതി | PEN | പ്രമോഷൻ പ്രാബല്യ തീയതി | ഒഴിവ് ഉണ്ടാകാനുള്ള കാരണം |
|---|---|---|---|---|---|
| ഹരിക്കുട്ടൻ.കെ എഫ്.എച്ച്.സി.നൂറനാട് ആലപ്പുഴ | 31 | 29.05.1974 | 237688 | 01.03.2026 | സുബ്രഹ്മണ്യൻ.കെ യുടെ വിരമിക്കൽ |
| മുഹമ്മദ്.കെ.എ | | | | | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ മെഡിക്കൽ ആഫീസ് (ആ)എറണാകുളം. | 33 | 20.05.1973 | 237267 | 01.04.2026 | ബിജു പ്രശാന്ത്.സി യുടെ വിരമിക്കൽ |
| ജിജുമോൻ.എൻ എഫ്.എച്ച്.സി.വേട്ടക്കൽ ആലപ്പുഴ | 35 | 15.05.1974 | 237226 | 01.05.2026 | അജിത് കുമാർ.റ്റി.വി യുടെ വിരമിക്കൽ |
| ബിനു രവി സി.എച്ച്.സി.കുറത്തിക്കാട് ആലപ്പുഴ | 37 | 30.05.1972 | 238881 | 01.05.2026 | ഷിബു.എ.എസ് ൻെറ വിരമിക്കൽ |
| അനിൽ കുമാർ.എ.ജി സി.എച്ച്.സി.ഇടയരിക്കപ്പുഴ ആലപ്പുഴ | 40 | 30.03.1972 | 238726 | 01.06.2026 | അശോകൻ എസ്.ൻെറ വിരമിക്കൽ |

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ബന്ധപ്പെട്ട സ്ഥാപന മേധാവികളും ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ പേരും, ജനനതീയതിയും സേവനപുസ്തകവുമായി പരിശോധിച്ച് മാത്രമേ ജീവനക്കാരെ ഉയർന്ന തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കാവു. സേവനപുസ്തകത്തിൽ അനുബന്ധ രേഖപ്പെടുത്തലുകൾ ചെയ്യേണ്ടതാകുന്നു.

പരാമർശം (2) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട ശമ്പള നിർണ്ണയം നിശ്ചിത മാതൃകയിൽ ഡിക്ലറേഷൻ ജീവനക്കാർ പൂരിപ്പിച്ച് നൽകേണ്ടതും ആയത് ലഭിക്കുന്ന മുറയ്ക്ക് ശമ്പളം പുതുക്കി നിശ്ചയിച്ച് നൽകേണ്ടതുമാണ്.

ഈ ഉത്തരവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം ഉചിതമാർഗ്ഗേന രേഖാമൂലം ബന്ധപ്പെട്ട മേലധികാരികൾ അറിയിക്കേണ്ടതാണ്. ടി സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത പരാതികളും ആക്ഷേപങ്ങളും അറിയിപ്പ് കൂടാതെ നിരസിക്കുന്നതാണ്.

**N KChandra**

**SENIOR ADMINSTRATIVE OFFICER**

Digitally signed by
N K Chandra
Date: 24-06-2026
18:07:06

സ്വീകർത്താവ്:-

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ് സൈറ്റ് മുഖാന്തിരം

പകർപ്പ്:-

ആരോഗ്യവകുപ്പ് ജില്ലാ/ സ്ഥാപന മേധാവികൾക്കും (വെബ് സൈറ്റ് മുഖാന്തിരം)